2610/Bill/14/Envt

<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിനൊന്നാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1928 — 16.06.2014 ൽ മറുപടിയ്ക്ക്

<u>**കശുവണ്ടി ഫാക്ടറി ആരംഭിക്കുന്നതിന് പാരിസ്ഥിതിക അനുമതി**</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ പുതുതായി കശുവണ്ടി ഫാക്ടറിയോ, അനുബന്ധ വ്യവസായമോ ആരംഭിക്കുന്നതിലേക്ക് പരിസ്ഥിതി വകുപ്പ് കഴിഞ്ഞ ആറുമാസത്തിനുള്ളിൽ അനുമതി നൽകിയിട്ടുണ്ടോ; | (എ) പരിസ്ഥിതി വകുപ്പിൽ നിന്നും അനുമതി നൽകിയിട്ടില്ല. എന്നാൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും കല്ലുവാതുക്കൽ പഞ്ചായത്തിലെ ഒരു കശുവണ്ടി ഫാക്ടറിക്ക് കഴിഞ്ഞ ആറു മാസത്തിനുള്ളിൽ, 28.02.2014 ൽ സ്ഥാപനാനുമതി നൽകിയിട്ടുണ്ട്. |
| (ബി) എങ്കിൽ ഏതെല്ലാം പ്രദേശങ്ങളിൽ ആർക്കൊക്കെയാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;<br>(സി) ഇതിനായി പുതിയ അപേക്ഷ ലഭിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | കല്ലുവാതുക്കൽ പഞ്ചായത്തിലെ ശ്രീ.കെ.പ്രഭ (ഡയറക്ടർ), ശ്രീവിലാസ്, താമരക്കുളം, കൊല്ലം എന്ന വ്യക്തിയുടെ പേരിൽ ക്വെയ്ലോൺ ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡ്, പാരിപ്പള്ളി, കൊല്ലം എന്ന സ്ഥാപനത്തിന് 28.02.2014 ൽ 31.12.2016 വരെ സാധുതയുള്ള സ്ഥാപനാനുമതി മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും നൽകിയിട്ടുണ്ട്. ഇതല്ലാതെ മറ്റു അപേക്ഷകളൊന്നും 6 മാസത്തിനുള്ളിൽ ബോർഡിന്റെ പരിഗണനയ്ക്കായി വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ